**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 230** **27-01-2026-ൽ മറുപടിയ്ക്ക്**

**ചികിത്സാ പിഴവുകൾ മൂലം മരണപ്പെട്ടവർ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. സി. വിഷ്ണുനാഥ്
ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ 2016 മെയ് മുതൽ നാളിതുവരെ ചികിത്സാ പിഴവുകൾ മൂലം എത്രപേർ മരണപ്പെട്ടുകയോ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാവുകയോ ചെയ്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ;

**മറുപടി:** 19 പേർ മരണപ്പെട്ടുകയും 6 പേർക്ക് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യ സേവന വകുപ്പുമായി ബന്ധപ്പെട്ട കേസുകളിൽ ആരോപണ വിധേയരായ 16 ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട കേസുകളിൽ സർക്കാർ തലത്തിൽ മൂന്ന് ഡോക്ടർക്കും രണ്ട് നഴ്സുമാർക്കും എതിരായി അച്ചടക്ക നടപടി സ്വീകരിക്കുയും രണ്ട് കേസുകളിൽ പ്രോസിക്യൂഷൻ നടപടി ആരംഭിക്കുകയും ഒരു കേസിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരുന്നതും മൂന്ന് കേസുകൾ സർക്കാർ പരിശോധിച്ചു വരികയും മൂന്ന് കേസുകളിൽ അന്വേഷണം നടത്തി വരികയും ചെയ്യുന്നു.

**(ബി)** ചികിത്സ പിഴവുകൾക്ക് ഉത്തരവാദികളായ എത്ര ജീവനക്കാർക്കെതിരെ ഈ കാലയളവിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ;

**മറുപടി:** ഉത്തരം(എ) പിരിവിൽ ചേർത്തിട്ടുണ്ട്

**(സി)** ചികിത്സാ പിഴവുകൾ മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായവർക്കും നഷ്ടപരിഹാര ഇനത്തിൽ നൽകിയ തുകയുടെ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ; എത്രപേർക്ക് ഈ ഇനത്തിൽ ഇനിയും നഷ്ടപരിഹാരം അനുവദിക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ?

**മറുപടി:** ശസ്ത്രക്രിയയ്ക്കിടെ സർജിക്കൽ ഉപകരണം വയറിൽ വച്ച് തുന്നിക്കെട്ടി എന്ന് ആരോപിച്ച് ശ്രീമതി.ഹർഷിന.കെ.കെ സമർപ്പിച്ച പരാതി പരിഗണിച്ച് ടിയാൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**